## 15 -ാം കേരള നിയമസഭ

## 4 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 7** — **22-02-2022 - ൽ മറുപടിയ്ക്ക്**

## പി.എസ്.സി. പരീക്ഷ സെന്റർ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി യു പ്രതിഭ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | മാതൃജില്ലയിൽ പി.എസ്.സി പരീക്ഷകൾക്കായി അപേക്ഷിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് പലപ്പോഴും ജില്ലയിൽ തന്നെ വളരെ ദൂരെയുള്ള പരീക്ഷ സെന്ററുകളാണ് അനുവദിച്ച് ലഭിക്കാറുള്ളത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇവർക്ക് സൗകര്യപ്രദമായി എത്തിച്ചേരാൻ കഴിയുന്ന രീതിയിൽ അടുത്തായി പരീക്ഷ സെന്ററുകൾ അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ ? | (എ) | ഉദ്യോഗാർത്ഥികളുടെ എണ്ണം കൂടുതലുള്ള പരീക്ഷകൾക്ക് എല്ലാ താലൂക്കുകളിലും പരീക്ഷാ കേന്ദ്രങ്ങൾ സജ്ജമാക്കുന്നുണ്ട്. പരീക്ഷാ കേന്ദ്രങ്ങളായി സർക്കാർ/സ്വകാര്യ മേഖലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളെയാണ് ആശ്രയിച്ചുവരുന്നത്. സ്വന്തം താലൂക്കുകളിൽ പരീക്ഷാ കേന്ദ്രങ്ങൾ ലഭിക്കുന്നതിന് പ്രഥമ പരിഗണന നൽകുന്നത് ഭിന്നശേഷിക്കാർക്കാണ്. അതിന് ശേഷം വനിതകളെ പരിഗണിക്കുന്നു. ഓരോ താലൂക്കിലും പര്യാപ്തമായ പരീക്ഷാ കേന്ദ്രങ്ങൾ ലഭ്യമാകാത്തത് കാരണം പലപ്പോഴും വനിതകൾ ഉൾപ്പെടെയുള്ളവർക്ക് ഇതര താലൂക്ക്/ജില്ലകളിലേക്ക് പരീക്ഷാ കേന്ദ്രങ്ങൾ അനുവദിക്കേണ്ടി വരുന്നുണ്ട്. ഉദ്യോഗാർത്ഥികളുടെ എണ്ണം കുറവുള്ള പരീക്ഷകൾക്ക് ആസ്ഥാന/മേഖല/ജില്ലാ കേന്ദ്രങ്ങളിലാണ് പരീക്ഷകൾ നടത്തുന്നത്. കൂടാതെ 2022 ജനുവരി മാസം മുതൽ ഭിന്നശേഷി/വനിതാ ഉദ്യോഗാർത്ഥികളുടെ എണ്ണം കണക്കിലെടുത്തുകൊണ്ട് ടിയാളുകൾക്ക് പരമാവധി സ്വന്തം താലൂക്കിൽ തന്നെ പരീക്ഷാ കേന്ദ്രം ഒരുക്കുന്നതിനുള്ള നടപടികൾ പി.എസ്.സി. സ്വീകരിച്ചുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ